(സി) കൈത്തറി എൻഫോഴ്സ്മെന്റ് വിഭാഗം പ്രവർത്തിക്കുന്നുണ്ടോ ; ഈ വിഭാഗത്തിന്റെ ചുമതലകൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ ;

(ഡി) വിപണിയിൽ പരിശോധന നടത്തി വ്യാജനെ കണ്ടെത്തുന്നതിന് എന്തെങ്കിലും സംവിധാനങ്ങൾ നിലവിലുണ്ടോ ; ഉണ്ടെങ്കിൽ വിശദമാക്കുമോ ?

വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി (ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി) :

(എ). ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) കൈത്തറി സംഘങ്ങൾ ഉല്പാദിപ്പിക്കുന്ന ഉൽപന്നങ്ങൾക്ക് കൈത്തറി മാർക്ക് നിർബന്ധമാക്കിയിട്ടുണ്ട്.

(സി) ഉണ്ട്. 1985-ലെ കൈത്തറി (ഉൽപ്പാദനത്തിനുള്ള ഇനങ്ങളുടെ സംവരണം) നിയമപ്രകാരം കൈത്തറിയിൽ മാത്രം ഉൽപ്പാദിപ്പിക്കുന്ന 11 ഇനങ്ങൾ സംസ്ഥാനത്തിലെ പവർലൂം യൂണിറ്റുകളിൽ ഉൽപ്പാദിപ്പിക്കുന്നത് തടയുക, പരിശോധന നടത്തി നിയമ വിരുദ്ധമെന്നു കണ്ടാൽ അവർക്കെതിരെ നടപടി സ്വീകരിക്കുക എന്നതാണ് കൈത്തറി എൻഫോഴ്സ്മെന്റ് വിഭാഗത്തിന്റെ ചുമതലകൾ.

(ഡി) ഇല്ല. ഹാന്റ്ലൂം റിസർവേഷൻ ആക്ട് 1985 പ്രകാരം വ്യാജ കൈത്തറി വിപണനം തടയുന്നതിനുള്ള അധികാരം എൻഫോഴ്സ്മെന്റ് വിഭാഗത്തിന് നൽകിയിട്ടില്ല. എന്നാൽ വ്യാജ കൈത്തറി ഉൽപ്പന്നങ്ങൾ വിപണനം നടത്തുന്നതായി ശ്രദ്ധയിൽപ്പെട്ടാൽ സഹകരണ സംഘം നിയമമനുസരിച്ച് അവർക്കെതിരെ നടപടി സ്വീകരിക്കുന്നതാണ്.

ജനനി ജന്മരക്ഷാ പദ്ധതി

27 (*57) ശ്രീ. വി. പി. സജീന്ദ്രൻ :
ശ്രീ. ഐ. സി. ബാലകൃഷ്ണൻ :
ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ :
ശ്രീ. കെ. ശിവദാസൻ നായർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ജനനി ജന്മരക്ഷാ പദ്ധതിക്ക് തുടക്കം കുറിച്ചിട്ടുണ്ടോ ;

(ബി) പ്രസ്തുത പദ്ധതിയുടെ ഉദ്ദേശലക്ഷ്യങ്ങൾ എന്തൊക്കെയാണ്, വിശദമാക്കാമോ ;

LIBRARY ARCHIVES Kerala Legislative Assembly

(സി) പട്ടികവർഗ്ഗക്കാരായ ഗർഭിണികൾക്കും മുലയൂട്ടുന്ന അമ്മമാർക്കും പോഷകാഹാരത്തിന് എന്തെല്ലാം ധനസഹായങ്ങൾ നൽകാനാണ് പദ്ധതിയിലൂടെ ലക്ഷ്യമിടുന്നതെന്നു വിശദമാക്കാമോ;

(ഡി) പദ്ധതിയുമായി ഏതെല്ലാം വകുപ്പുകളാണ് സഹകരിക്കുന്നതെന്ന് വിശദമാക്കാമോ ?

പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി (കുമാരി പി. കെ. ജയലക്ഷ്മി) :

(എ) ഉണ്ട്.

(ബി) കേരളത്തിലെ എ.പി.എൽ/ബി.പി.എൽ ഭേദമില്ലാതെ പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട ഗർഭിണികളായ എല്ലാ സ്ത്രീകളുടേയും അവരുടെ കുഞ്ഞുങ്ങളുടേയും ആരോഗ്യസംരക്ഷണത്തിനായി പട്ടികവർഗ്ഗ വികസന വകുപ്പ് ആവിഷ്കരിച്ച പദ്ധതിയാണ് ജനനീ ജന്മരക്ഷ. ഈ പദ്ധതിയിലൂടെ പട്ടികവർഗ്ഗ വിഭാഗത്തിലെ ഗർഭിണികൾക്കും ശിശുക്കൾക്കും പോഷകാഹാരം ഉറപ്പാക്കുകയാണ് ലക്ഷ്യം. നവജാത ശിശുമരണം പൂർണ്ണമായും നിർമ്മാർജ്ജനം ചെയ്യുന്നതോടൊപ്പം മെച്ചപ്പെട്ട ആരോഗ്യസ്ഥിതിയുള്ള ശിശുക്കളെ സൃഷ്ടിക്കുന്നതിനും അവരെ പരിപാലിക്കുന്ന അമ്മമാർക്ക് ആവശ്യമായ ആരോഗ്യം ഉറപ്പുവരുത്തുകയുമാണ് ഇതിലൂടെ ലക്ഷ്യമിടുന്നത്.

(സി) ഗർഭാവസ്ഥയുടെ 3-ാം മാസം കഴിഞ്ഞ് കുഞ്ഞിന് ഒരു വയസ്സ് തികയും വരെ പ്രതിമാസം 1,000 രൂപ നിരക്കിൽ പരമാവധി 18 മാസം ഗുണഭോക്താക്കൾക്ക് ധനസഹായം നൽകിവരുന്നു. മണിയോർഡറായി നൽകി വരുന്ന ധനസഹായമാകയാൽ ഇത് ഗുണഭോക്താക്കളുടെ കയ്യിൽ നേരിട്ട് ലഭ്യമാകുന്നു.

(ഡി) ആരോഗ്യവകുപ്പുമായി സഹകരിച്ച് പട്ടികവർഗ്ഗ വികസന വകുപ്പ് നേരിട്ടാണ് പദ്ധതി നടപ്പാക്കുന്നത്. ഡോക്ടർ സാക്ഷ്യപ്പെടുത്തി നൽകുന്ന സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ ജില്ലാ ഓഫീസർമാർ മുഖേന ലഭ്യമാകുന്ന പട്ടികയിലുള്ളവർക്ക് പ്രതിമാസം 1,000 രൂപ നിരക്കിൽ ഇന്ത്യൻ പോസ്റ്റൽ സർവ്വീസ് മുഖാന്തരം മണിയോർഡറായി പട്ടികവർഗ്ഗ വികസന വകുപ്പ് ഇത് ഗുണഭോക്താക്കൾക്ക് നേരിട്ട് അയച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly